# കേരള കാർഷിക സർവ്വകലാശാല
## പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്
**കാസറഗോഡ്–671310,** 0467 226 0632, rarspil@kau.in


**ബി2–4251/2024** **തീയതി: 11.12. 2024**

### ദർഘാസ്/ലേല പരസ്യം

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ 2025 ജനവരി 1 മുതൽ 20 വരെ നടത്തുന്ന 'ആർ.എ.ആർ.എസ് ഫാം കാർണിവൽ -2025' എന്ന പ്രദർശന മേളയുടെ ഭാഗമായി ഭാഗമായി ഫുഡ് കോർട്ട് ഏറ്റെടുത്ത് നടത്തുന്നതിന് താത്പര്യമുള്ള സ്ഥാപനങ്ങൾ/ വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള മുദ്രവെച്ച കൊട്ടേഷനുകൾ ക്ഷണിച്ച് കൊള്ളുന്നു.

| | |
|---|---|
| ക്വട്ടേഷൻ പരസ്യ നമ്പർ | **B2-4251/2024** |
| ക്വട്ടേഷൻ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി | **20.12.2024, 03.00** മണി |
| ക്വട്ടേഷൻ തുറക്കുന്ന തീയതി | **20.12.2024, 03.30** മണി |
| ക്വട്ടേഷൻ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | **അസോസിയേറ്റ് ഡയറക്ടർ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** |
| ക്വട്ടേഷൻ അടക്കം ചെയ്ത കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടത്. | "ഫുഡ് കോർട്ട് ഏറ്റെടുത്ത് നടത്തുന്നതിനുള്ള ക്വട്ടേഷൻ"(വെജ്&നോൺ വെജ് ഭക്ഷണങ്ങൾ , ജ്യൂസ്, വെള്ളം, ഫാസ്റ്റ് ഫുഡ്സ് തുടങ്ങിയവ) |
| നിരതദ്രവ്യം | **5000 /- രൂപ** |

സ്ഥലത്തിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

- വിസ്തീർണം 1200 ചതുരശ്ര അടി (ജി.ഐ. മേൽക്കൂരയോട് കൂടിയത്)
- പ്ലഗ് പോയിന്റ് 3 to 4 എണ്ണ
- ട്യൂബ് ലൈറ്റ് 2 എണ്ണം
- അടിസ്ഥാന വില Rs.6/ Sq ft. (Rs.120/20 days)

- ഇവ അനുവദിക്കുന്ന സ്ഥലങ്ങൾ ക്വട്ടേഷൻ/ലേലം സമർപ്പിക്കുന്നതിന് മുമ്പ് നേരിട്ട് കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്.
- **ഒരുമിച്ച് ഫുഡ് കോർട്ട് ഏറ്റെടുത്ത് നടത്താൻ താല്പര്യമില്ലാത്തവർക്ക് പ്രത്യേകം കോട്ടേഷനുകൾ സമർപ്പിക്കാവുന്നതാണ്.**
- ക്വട്ടേഷൻ ലഭിക്കുന്ന ആൾക്കും കൂടെയുള്ള തൊഴിലാളികൾക്കും ഈ സ്ഥാപനത്തിന്റെ, ഫോട്ടോപതിപ്പിച്ച തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്. ഇത് ലഭിക്കുന്നതിനായി ഫോട്ടോയും തിരിച്ചറിയൽ കാർഡുകളും സ്റ്റാൾ ഏറ്റെടുത്ത് നടത്തുന്നതിന് ഒരാഴ്ച മുൻപ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.
- **"ഫുഡ് കോർട്ട് ഏറ്റെടുത്ത് നടത്തുന്നതിനുള്ള ദർഘാസ്"** പുറത്തെഴുത്ത് രേഖപ്പെടുത്തിയ ക്വട്ടേഷൻ **അസോസിയേറ്റ് ഡയറക്ടർ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** എന്ന വിലാസത്തിൽ **20.12.2024** –ന് 2 മണിക്ക് മുമ്പായി എത്തിക്കേണ്ടതോ ലഭിക്കുന്നവിധത്തിൽ അയക്കേണ്ടതോ ആണ്. ക്വട്ടേഷൻ/ലേലം അന്നേ ദിവസം 2.30 –ന് നടത്തുന്നതായിരിക്കും.

- മേൽ ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ രാത്രി 10 മണിവരെ ആയിരിക്കും പ്രവർത്തന സമയം.
- കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. **ഫോൺ:** 0467 226 0632

**ക്വട്ടേഷൻ സംബന്ധിച്ച മറ്റു നിബന്ധനകൾ**

- സുരക്ഷാ സംബന്ധമായ എല്ലാ ഉത്തരവാദിത്തങ്ങളും ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തിക്കായിരിക്കും.
- നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ക്വട്ടേഷൻ പരിഗണിക്കുന്നതല്ല.
- ക്വട്ടേഷൻ സമർപ്പിച്ചവർക്ക് ഏറ്റവും കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏറ്റവും കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഈ ഓഫീസ് മേധാവിക്ക് അധികാരമുണ്ടായിരിക്കും.
- ക്വട്ടേഷൻ ഉറപ്പിക്കുന്ന വ്യക്തി ഈ ഓഫീസിൽ നിന്നുള്ള ഓർഡർ/നിർദേശങ്ങൾ അനുസരിച്ച് പൂർണ്ണ ഉത്തരവാദിത്വത്തോടെ ജോലി ഏറ്റെടുത്ത് ചെയ്യാൻ ബാധ്യസ്ഥനാണ്. അല്ലാത്ത പക്ഷം നിരതദ്രവ്യം സർവകലാശാലയിൽ മുതൽ കൂട്ടുന്നതും തക്കതായ നടപടികൾ സ്വീകരിക്കുന്നതുമാണ്.
- സർക്കാർ ക്വട്ടേഷന്റെ എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്. നികുതികൾ ബാധകമെങ്കിൽ അത് ക്വട്ടേഷൻ ലഭിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതാണ്.
- ക്വട്ടേഷൻ കാലയളവിൽ സ്വീകരിച്ചിരിക്കുന്ന നിരക്ക് യാതൊരു കാരണവശാലും കുറയ്ക്കുന്നതല്ല
- ക്വട്ടേഷൻ ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 9446018334.
- ക്വട്ടേഷൻ ലഭിക്കുന്നവർ ക്വട്ടേഷൻ തുകയുടെ $^1/_3$ അതേ ദിവസം തന്നെ അടയ്ക്കേണ്ടതാണ്. ശേഷിക്കുന്ന തുക 3 ദിവസത്തിനുളളിൽ അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതും നിരതദ്രവ്യം സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടാക്കുന്നതുമാണ്.
- ക്വട്ടേഷൻ നൽകുന്നവർ വിൽക്കുവാൻ ഉദ്ദേശിക്കുന്ന വിഭവങ്ങളുടെ വിവരം ക്വട്ടേഷനിൽ കാണിച്ചിരിക്കണം.
- അംഗീകൃത ഉപകരണങ്ങൾ/ഉല്പന്നങ്ങൾ മാത്രമേ വിൽക്കുവാൻ പാടുള്ളൂ. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ ക്വട്ടേഷൻ റദ്ദുചെയ്യുന്നതായിരിക്കും.
- ക്വട്ടേഷൻ ലഭിക്കുന്നവർ വിൽക്കുന്ന വിഭവങ്ങളുടെ വിലവിവരപ്പട്ടിക പൊതുജനങ്ങൾക്ക് കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.
- ക്വട്ടേഷൻ ലഭിക്കുന്നവർ യാതൊരു വിധത്തിലുളള ലഹരി പദാർത്ഥങ്ങളും സ്റ്റാളുകളിൽ ഉപയോഗിക്കുവാനോ വിൽക്കുവാനോ പാടില്ല.
- ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ച് മാത്രമേ വിഭവങ്ങൾ വിൽക്കുവാനോ വിതരണം ചെയ്യുവാനോ പാടുള്ളൂ. ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക്ക് സാധനങ്ങൾ സ്റ്റാൾ മുഖേന വിൽക്കുവാൻ പാടുള്ളതല്ല. ഫുഡ്കോർട്ടിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങൾ ക്വട്ടേഷൻകാരൻ സ്വന്തം ഉത്തരവാദിത്തത്തിൽ നീക്കം ചെയ്യേണ്ടതാണ്.
- ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി വിൽക്കുന്ന സാധനങ്ങൾക്കാവശ്യമായ FSSAI മുതലായ ഭക്ഷ്യസുരക്ഷാ വിഭാഗത്തിൽ നിന്നും ഉൾപ്പെടെയുള്ള ലൈസൻസ് നേടിയിരിക്കേണ്ടതാണ്. ആയതിന്റെ പകർപ്പ് ഫാം കാർണിവൽ തുടങ്ങുന്നതിന് 5 ദിവസം മുൻപ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.
- ആരോഗ്യ വകുപ്പിൽ നിന്നും ലഭിക്കുന്ന ഹെൽത്ത് കാർഡ് എല്ലാ തൊഴിലാളികൾക്കും ഉണ്ടായിരിക്കേണ്ടതാണ്.
- ഭക്ഷ്യ സാധനങ്ങൾ എല്ലാ ശുചിത്വ മാനദണ്ഡങ്ങളും പാലിച്ച് മാത്രമേ തയ്യാറാക്കി വിൽക്കുവാൻ പാടുള്ളൂ. വിൽക്കുന്ന സാധനങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും സാഹചര്യത്തിൽ നിയമപ്രശ്നം ഉണ്ടായാൽ അവയ്ക്ക് ഈ സ്ഥാപനം ഉത്തരവാദി ആയിരിക്കുന്നതല്ല.
- ക്വട്ടേഷൻ ലഭിക്കുന്നവർ വൈദ്യുതിക്കുള്ള സംവിധാനം സ്വയം ഏർപ്പെടുത്തേണ്ടതാണ്.
- നിരതദ്രവ്യം അസോസിയേറ്റ് ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡിഡി/പണം, ഓഫീസിൽ നേരിട്ട് അടച്ച രസീതോ ആയി മാത്രമേ സ്വീകരിക്കുകയുള്ളൂ.
- ആദ്യ പൊതുലേലവും തുടർന്ന് ക്വട്ടേഷൻ തുറക്കുന്നതും ആവശ്യമെങ്കിൽ അന്നേ ദിവസം തന്നെ സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ പുനർലേലം നടത്തുന്നതുമാണ്.

- ആവശ്യമായ ഭക്ഷ്യസുരക്ഷാ ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാതിരുന്നാൽ ക്വട്ടേഷൻ ഉറപ്പിച്ച് പ്രവർത്തനം തുടങ്ങിയ ശേഷവും ഏഡ്കോർട്ടിന്റെ പ്രവർത്തനാനുമതി പ്രത്യേക മുന്നറിയിപ്പ് ഇല്ലാതെ റദ്ദ് ചെയ്യുന്നതും നിരതദ്രവ്യം, ക്വട്ടേഷൻ തുക ഇവ സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടാക്കുന്നതുമായിരിക്കും.

- കാരണം കാണിക്കാതെയും യാതൊരു മുന്നറിയിപ്പില്ലാതെയും പ്രവർത്തനാനുമതി റദ്ദ് ചെയ്യാനുള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

ഒപ്പ്/-
ഡോ..ടി.വനജ
അസോസിയേറ്റ് ഡയറക്ടർ

പകർപ്പ് :

1. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ, നീലേശ്വരം മുനിസിപ്പാലിറ്റി
2. നോട്ടീസ് ബോർഡ്, ഓഫീസ്/ഫാം
3. ഡോ :രാജേഷ് കല്ലാടൻ ,അസിസ്റ്റന്റ് പ്രൊഫസർ
4. ആർ.എ.ആർ.എസ് വെബ്സൈറ്റ്

// അംഗീകാരത്തോടെ//

സെക്ഷൻ ഓഫീസർ